ഊർജ്ജ കേരള മിഷൻ
KSEB
കേരളത്തിന്റെ ഊർജ്ജം

# കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

*[1956 - ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം]*

**CIN: U40100KL2011SGC027424**

**രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം**

**പട്ടം, തിരുവനന്തപുരം, കേരളം - 695 004**

**website: www.kseb.in Email: pokseb@gmail.com**

Phone No.: 0471-2514527 Office 0471-2514455, Fax: 0471-2514472

നമ്പർ. പി. എസ്.1 (എ)/ID Cards/2011 തീയതി: 27/04/2022.

## പരിപത്രം

വിഷയം:- "ബയോ മെട്രിക് പഞ്ചിംഗ് സംവിധാനം"നിലവിലുണ്ടായിരുന്ന KSEBL കാര്യാലയങ്ങളിൽ, കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ,'കാർഡ് ഒൺലി അറ്റൻഡൻസ് റെക്കോഡിംഗ് സംവിധാനം' മാത്രമാക്കി പരിമിതപ്പെടുത്തി, ഉപയുക്തമാക്കി വന്നിരുന്ന "ബയോ മെട്രിക് പഞ്ചിംഗ് സിസ്റ്റം", പ്രസ്തുത രോഗത്തിന്റെ വ്യാപനതോത് ഗണ്യമായി കുറഞ്ഞ സാഹചര്യത്തിൽ, പുറപ്പെടുവിക്കപ്പെട്ട സർക്കാർ ഉത്തരവിന്റെയടിസ്ഥാനത്തിൽ, പൂർണ്ണ തോതിൽ പ്രവർത്തനക്ഷമമാക്കി, ടി ഓഫീസുകളിലെ ജീവനക്കാരുടേയും, ഓഫീസർമാരുടേയും, ഹാജർ രേഖപ്പെടുത്തുന്നത്, ബയോ മെട്രിക് പഞ്ചിംഗ് സിസ്റ്റത്തിലൂടെ മാത്രമാക്കി ക്രമീകരിക്കുന്നതിന്റെ ഭാഗമായി, കൈക്കൊള്ളേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച്.

സൂചന:- (1) KSEBL ജീവനക്കാരും, ഓഫീസർമാരും, തങ്ങളുടെ ഹാജർ രേഖപ്പെടുത്തുന്നതിനായി ഉപയുക്തമാക്കിവന്ന 'ബയോമെട്രിക് പഞ്ചിംഗ് സിസ്റ്റത്തിന്റെ' ഉപയോഗം, കോവിഡിന്റെ വ്യാപനം വൻതോതിൽ വർദ്ധിച്ച സാഹചര്യത്തിൽ, താല്കാലികമായി നിർത്തിവയ്ക്കുന്നതിനായി, 12/03/2020 -ൽ പുറപ്പെടുവിക്കപ്പെട്ട, പി. എസ്. 1(എ)/ID Cards/2011-)ം നമ്പർ പരിപത്രം.

(2) കോവിഡുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങളിൽ, ഭാഗീകമായ ഇളവുകൾ അനുവദിച്ചതിനെത്തുടർന്ന്, 'ബയോമെട്രിക് പഞ്ചിംഗ്' നിലവിലുണ്ടായിരുന്ന KSEBL ഓഫീസുകളിൽ, ID Card ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള 'കാർഡ് ഒൺലി അറ്റൻഡൻസ് റെക്കോഡിംഗ് സംവിധാനം' ഏർപ്പെടുത്തുവാൻ വേണ്ടി 06-07-2020 ൽ പുറപ്പെടുവിക്കപ്പെട്ട, D(D,IT & HRM)/COVID 19/2019-2020/20-)ം നമ്പർ പരിപത്രം.

(3) കോവിഡ് വ്യാപനതോത് ഗണ്യമായി കുറഞ്ഞ സാഹചര്യത്തിൽ, സംസ്ഥാനത്തെ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ,"ബയോ മെട്രിക് പഞ്ചിംഗ് സംവിധാനം" അടിയന്തരമായി പുന:സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 11-04-2022 ൽ പുറപ്പെടുവിക്കപ്പെട്ട, കേരള സർക്കാർ ഉത്തരവ് (സാധാ) നം.1526/2022/GAD.

കോവിഡ് -19 ന്റെ വ്യാപനം വൻതോതിൽ വർദ്ധിച്ച സാഹചര്യത്തിൽ, രോഗപ്രതിരോധ നടപടികളുടെ ഭാഗമായി, KSEBL ജീവനക്കാരുടേയും,ഓഫീസർമാരുടേയും, ഹാജർ രേഖപ്പെടുത്തുന്നതിനായി ഉപയുക്തമാക്കി വന്നിരുന്ന 'ബയോമെട്രിക് പഞ്ചിംഗ് സിസ്റ്റത്തിന്റെ' ഉപയോഗം, സൂചന (1) ൽ പരാമർശിക്കപ്പെട്ടിട്ടുള്ള പരിപത്രപ്രകാരം, താല്കാലികമായി നിർത്തിവച്ചിരുന്നെങ്കിലും, പിന്നീട്, കോവിഡുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങളിൽ ഭാഗികമായ ഇളവുകൾ അനുവദിക്കപ്പെട്ടതിനെത്തുടർന്ന്, സൂചന (2) ൽ

പരാമർശിക്കപ്പെട്ടിട്ടുള്ള പരിപത്രപ്രകാരം, 'ബയോ മെട്രിക് പഞ്ചിംഗ് സിസ്റ്റം' നിലവിലുണ്ടായിരുന്ന ഓഫീസുകളിലെ ജീവനക്കാർക്കും, ഓഫീസർമാർക്കും, അവരവരുടെ ID Card മാത്രം ഉപയോഗിച്ച് തങ്ങളുടെ ഹാജർ, രേഖപ്പെടുത്തുവാൻ സാധ്യമാവുന്ന തരത്തിലുള്ള 'കാർഡ് ഒൺലി അറ്റൻഡൻസ് റെക്കോഡിംഗ് സംവിധാനം' മാത്രമാക്കി, ടി സിസ്റ്റത്തെ പരിമിതപ്പെടുത്തിക്കൊണ്ട്, ആയതിന്റെ ഉപയോഗം പുനരാരംഭിച്ചിരുന്നു.

തൽസ്ഥിതി തുടരവേ, കോവിഡിന്റെ വ്യാപനതോത് ഗണ്യമായി കുറഞ്ഞിട്ടുണ്ടെന്ന കോവിഡ് ഉന്നത തല അവലോകന സമിതിയുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ, "ബയോ മെട്രിക് പഞ്ചിംഗ് സംവിധാനം" അടിയന്തരമായി പുന: സ്ഥാപിക്കണമെന്ന, സൂചന (3) പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ പശ്ചാത്തലത്തിൽ, ചീഫ് പേഴ്സണൽ ഓഫീസർ, 22-04-2022 ൽ സമർപ്പിച്ച, പി. എസ്. 1 (എ)/ID Cards/2011-)ം നമ്പർ കുറിപ്പിന്റെ അടിസ്ഥാനത്തിൽ, "ബയോ മെട്രിക് പഞ്ചിംഗ് സംവിധാനം" നിലവിലുണ്ടായിരുന്ന KSEBL കാര്യാലയങ്ങളിൽ, കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ, 'കാർഡ് ഒൺലി അറ്റൻഡൻസ് റെക്കോഡിംഗ് സംവിധാനം' മാത്രമാക്കി പരിമിതപ്പെടുത്തി, ഉപയുക്തമാക്കി വന്നിരുന്ന "ബയോ മെട്രിക് പഞ്ചിംഗ് സിസ്റ്റം", പ്രസ്തുത രോഗത്തിന്റെ വ്യാപനതോത് ഗണ്യമായി കുറഞ്ഞ സാഹചര്യത്തിൽ, പുറപ്പെടുവിക്കപ്പെട്ട സർക്കാർ ഉത്തരവിന്റെയടിസ്ഥാനത്തിൽ, 02-05-2022 മുതൽ, പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കിക്കൊണ്ട്, പ്രസ്തുത ഓഫീസുകളിലെ ജീവനക്കാരുടേയും, ഓഫീസർമാരുടേയും, ഹാജർരേഖപ്പെടുത്തുന്നത്, "ബയോ മെട്രിക് പഞ്ചിംഗ് സിസ്റ്റത്തിലൂടെ" മാത്രമാക്കി ക്രമീകരിക്കേണ്ടതാണെന്നും, ആയതുമായി ബന്ധപ്പെട്ട്, നിലവിൽ, 'കാർഡ് ഒൺലി അറ്റൻഡൻസ് റെക്കോഡിംഗ് സംവിധാനം' മാത്രമാക്കി പരിമിതപ്പെടുത്തി, ഉപയുക്തമാക്കി വരുന്ന"ബയോമെട്രിക് പഞ്ചിംഗ് സിസ്റ്റം" 02-05-2022 മുതൽ, പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കാനുള്ള നടപടികൾ ചീഫ് എഞ്ചിനീയർ(IT, Computerization), അടിയന്തരമായി കൈക്കൊള്ളേണ്ടതാണെന്നും, KSEBL-ന്റെ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ ഉത്തരവായിട്ടുണ്ട്.

"ബയോ മെട്രിക് പഞ്ചിംഗ് സിസ്റ്റം" പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കുന്നതുമായി ബന്ധപ്പെട്ട്, ടി സിസ്റ്റത്തിന്റെ ഉപയോഗം, താല്കാലികമായി നിർത്തിവച്ച കാലയളവ് മുതൽ, നാളിതുവരെ, KSEBL-ൽ പുതുതായി നിയമനം ലഭിച്ചിട്ടുള്ളവരോ, സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ളവരോ, സ്ഥലംമാറ്റത്തിന് വിധേയരായിട്ടുള്ളവരോ, ആയ എല്ലാ KSEBL ജീവനക്കാരും, ഓഫീസർമാരും, അതാത് അക്കൗണ്ട് റെൻഡറിംഗ് യൂണിറ്റുകളിൽ അടിയന്തരമായി ബന്ധപ്പെട്ട് "ബയോ മെട്രിക് പഞ്ചിംഗ് സിസ്റ്റത്തിൽ" തങ്ങളുടെ വിരലടയാളം"Capture" ചെയ്യിക്കേണ്ടതും, "ബയോ മെട്രിക് പഞ്ചിംഗ് സംവിധാനം" നിലവിലുണ്ടായിരുന്ന KSEBL ഓഫീസുകളിലെ, "ബയോ മെട്രിക് പഞ്ചിംഗ് കാർഡ് " ഇതേവരെ ലഭ്യമായിട്ടില്ലാത്ത, എല്ലാ KSEBL ജീവനക്കാർക്കും, ഓഫീസർമാർക്കും, നിലവിലുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടുതന്നെ 2022 ഏപ്രിൽ മാസം 30-)ം തീയതി, വൈകുന്നേരം 5 മണിക്ക് മുൻപായി, ബന്ധപ്പെട്ട അക്കൗണ്ട് റെൻഡറിംഗ് യൂണിറ്റുകൾ "ബ്യോ മെട്രിക് പഞ്ചിംഗ് കാർഡ്" വിതരണം ചെയ്യേണ്ടതും, KSEBL Head Quarters- ആയ തിരുവനന്തപുരം, പട്ടം, വൈദ്യുതി ഭവനിൽ പ്രവർത്തിച്ചുവരുന്ന, KSEBL-ന്റെ വിവിധ ഓഫീസുകളിലെ ജീവനക്കാർ, ഓഫീസർമാർ എന്നിവരിൽ, "ബയോ മെട്രിക് പഞ്ചിംഗ് സിസ്റ്റത്തിൽ" വിരലടയാളം "Capture" ചെയ്യിച്ചിട്ടില്ലാത്തവരായി ആരെങ്കിലുമുണ്ടെങ്കിൽ, അവർ, ടി വൈദ്യുതി ഭവന്റെ 6-)ം നിലയിൽ പ്രവർത്തിച്ചുവരുന്ന, ചീഫ് പേഴ്സണൽ ഓഫീസറുടെ കാര്യാലയമായ "പേഴ്സണൽ ഡിപ്പാർട്ടുമെന്റുമായി" ബന്ധപ്പെട്ട്, "ബയോ മെട്രിക് പഞ്ചിംഗ് സിസ്റ്റത്തിലൂടെ" തങ്ങളുടെ ഹാജർ രേഖപ്പെടുത്തുവാൻ ആവശ്യമായ നടപടിക്രമങ്ങൾ, പൂർത്തിയാക്കേണ്ടതുമാണ്.

"ബയോ മെട്രിക് പഞ്ചിംഗ് സിസ്റ്റം" നിലവിലുണ്ടായിരുന്ന KSEBL ഓഫീസുകളിലെ, ജീവനക്കാർക്കും, ഓഫീസർമാർക്കും, അവരവരുടെ ID Card മാത്രം ഉപയോഗിച്ച് തങ്ങളുടെ ഹാജർ, രേഖപ്പെടുത്തുവാൻ സാധ്യമാവുന്ന തരത്തിൽ 'കാർഡ് ഒൺലി അറ്റൻഡൻസ് റെക്കോഡിംഗ് സംവിധാനം' മാത്രമാക്കി, പരിമിതപ്പെടുത്തി, ഉപയുക്തമാക്കി വരുന്ന "ബയോമെട്രിക് പഞ്ചിംഗ് സിസ്റ്റം" 02-05-2022 മുതൽ, പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കുന്നതുമായി ബന്ധപ്പെട്ട്, KSEBL-ന്റെ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ നൽകിയിട്ടുള്ള മേല്പറഞ്ഞ നിർദ്ദേശങ്ങൾ,"ബയോമെട്രിക് പഞ്ചിംഗ് സിസ്റ്റം" നിലവിലുള്ള KSEBL കാര്യാലയങ്ങളിൽ അടിയന്തരമായി നടപ്പിലാക്കേണ്ടതും, പ്രസ്തുത വിവരം, ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ എല്ലാKSEBL ജീവനക്കാരുടേയും, ഓഫീസർമാരുടേയും, ശ്രദ്ധയിൽപ്പെടുത്തേണ്ടതുമാണ്.

ഒപ്പ്.

**സെക്രട്ടറി [ഭരണം]**

പകർപ്പ്:-

**ചീഫ് എഞ്ചിനീയർ (ഐ. റ്റി., കംപ്യൂട്ടറൈസേഷൻ), വൈദ്യുതി ഭവൻ, തിരുവനന്തപുരം.**
**(അറിവിലേക്കും, തുടർ നടപടികൾക്കുമായി)**
എല്ലാ ചീഫ് എഞ്ചിനീയർമാർക്കും/ എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും.
എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും/എല്ലാ അക്കൗണ്ട് റെൻഡറിംഗ് യൂണിറ്റുകൾക്കും.
KSEBL ചെയർമാൻ & മാനേജിംഗ് ഡയറക്ടർ &
ഡയറക്ടർ (എച്ച്. ആർ. എം.) ന്റെ ടെക്നിക്കൽ അസിസ്റ്റന്റിന്.
ഡയറക്ടർ (ഫിനാൻസ്) ന്റെ ടെക്നിക്കൽ അസിസ്റ്റന്റിന്.
ഡയറക്ടർ (പ്ലാനിംഗ്, സേഫ്റ്റി & എസ്. സി. എം.) ന്റെ ടെക്നിക്കൽ അസിസ്റ്റന്റിന്.
ഡയറക്ടർ (ഡി. & ഐ. റ്റി.) യുടെ ടെക്നിക്കൽ അസിസ്റ്റന്റിന്.
ഡയറക്ടർ (റ്റി. & എസ്. ഒ.) സി. പി., ആർ. ഇ. ഇ. എസ്. & സേഫ്റ്റി) യുടെ ടെക്നിക്കൽ അസിസ്റ്റന്റിന്.
ഡയറക്ടർ (ജനറേഷൻ [ഇലക്ട്രിക്കൽ]) ന്റെ ടെക്നിക്കൽ അസിസ്റ്റന്റിന്.
ഡയറക്ടർ (ആർ. ഇ. ഇ. എസ്., സൗര, സ്പോർട്ട്സ് & വെൽഫെയർ) ന്റെ ടെക്നിക്കൽ അസിസ്റ്റന്റിന്.
ഡയറക്ടർ (ജനറേഷൻ [സിവിൽ]) ന്റെ ടെക്നിക്കൽ അസിസ്റ്റന്റിന്.
കമ്പനി സെക്രട്ടറി (ഇൻ ചാർജ്ജ്).
ഫിനാൻഷ്യൽ അഡ്വൈസർ/ ചീഫ് ഇന്റേണൽ ഓഡിറ്റർ.
ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ.
ചീഫ് വിജിലൻസ് ഓഫീസർ/ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഐ. റ്റി., കംപ്യൂട്ടറൈസേഷൻ)
ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസർ/ ചീഫ് പേഴ്സണൽ ഓഫീസർ/ ഡെപ്യൂട്ടി സെക്രട്ടറി (ഭരണം)
സെക്രട്ടറി (ഭരണം) ന്റെ സീനിയർ കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന്.
ഫെയർ കോപ്പി സൂപ്രണ്ട്/ റെക്കോർഡ് സെക്ഷൻ/ ലൈബ്രറി/ സ്റ്റോക്ക് ഫയൽ.

**ഉത്തരവിൻ പ്രകാരം,**

27/04

**സീനിയർ സൂപ്രണ്ട്.**